# നവംബർ ഒന്നു മുതൽ കൃഷിമന്ത്രി വിളിപ്പുറത്ത്

Mathrubhumi 27.10.17

തിരുവനന്തപുരം: കൃഷിമന്ത്രി വിളിപ്പുറത്ത് എന്ന ലൈവ് ഫോൺ ഇൻ പരിപാടിയിലൂടെ എല്ലാ മാസവും മന്ത്രി ജനങ്ങളുമായി നേരിട്ട് സംസാരിക്കും. എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച വൈകുന്നേരം 5.30 മുതൽ 6.30 വരെയാണ് തത്സമയ ഫോൺ പരിപാടി. കോൾ സെന്ററിന്റെ ടോൾ ഫ്രീ നമ്പർ 1800-425-1661 ആണ്. ഇതിനുപുറമേ എല്ലാ ദിവസവും കർഷകർക്ക് നേരിട്ട് കോൾസെന്ററുമായി രാവിലെ മുതൽ വൈകുന്നേരം 8 മണിവരെ കൃഷി, അനുബന്ധ മേഖലയിലെ സംശയ നിവാരണത്തിനും പുത്തൻ അറിവിനും പരാതിപരിഹാരത്തിനുമായി വിളിക്കാം. 9447 05 1661 എന്ന വാട്ട്സ് ആപ്പ് നമ്പർ കോൾ സെന്ററിനുണ്ട്.